## പാഠം-1

# കൊച്ചുപൂവ്

ഇത്തിരിപ്പൂവേ ചുവന്ന പൂവേ,
ഇത്രനാളെങ്ങു നീ പോയി പൂവേ?
മണ്ണിനടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെക്കാത്തിരുന്നോ?
വന്നതു നന്നായി, തെല്ലുനേരം
വല്ലതും പാടിക്കളിക്കാം സ്വൈരം.
ചെമ്മേറുമീയുടുപ്പാരു തന്നൂ?
ചേച്ചിക്കൊന്നുമ്മ വയ്ക്കാനേ തോന്നൂ!
കാറ്റടിച്ചോമനേ വീണിടൊല്ലേ!
കാലത്തെ വെയ്ലേറ്റു വാടീടൊല്ലേ!

ജി. ശങ്കരക്കുറുപ്പ്

